(ബി) ഉദ്ധിവപേത്രർ ഡിസ്ട്രിക്ടിൽ ഉള്ള മറ്റ താലൂക്കുകളിൽ ഒരണ അതിനുമുമ്പ് ഒരണ ഒൻപതുപൈ വരെ വിലയുണ്ടായിരിക്കും.

(സി) മാലിപ്പുറം ഉപ്പിനു വില ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. ഇതിനുമുമ്പു നാല് റിബേറ്റ കൊടുത്തിട്ടുണ്ട്.

ചിറ്റൂർ താലൂക്കിലുള്ള കച്ചവടക്കാർക്കുള്ള സൗകര്യം മറ്റു കച്ചവടക്കാർക്കു ലഭിച്ചിട്ടില്ല.

(ഡി) ഇല്ല.

ശ്രീ. സുരേന്ദ്രൻ

*൨൪൦ (൨൧) ശ്രീ. കണ്ണാറ ഗോപാലകൃഷ്ണനിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കൊട്ടാരക്കര പോലീസ് ലാക്കപ്പിൽ കിടന്നു മരിച്ച സുരേന്ദ്രൻ മരിച്ചതിനെ സംബന്ധിച്ച് ഒരു പരസ്യാന്വേഷണം നടത്തണമെന്നു നിവേദനവും പൊതുജനാഭിപ്രായവും ഉണ്ടായതായി ഗവൺമെൻറിനറിയാമോ;

(ബി) ആ അഭിപ്രായത്തേയും നിവേദനത്തേയും അടിസ്ഥാനമാക്കി ഒരു പരസ്യാന്വേഷണത്തിനു ഗവൺമെൻറുത്തരവു ചെയ്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉവ്വ്.

(ബി) രഹസ്യാന്വേഷണങ്ങൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ഒരു പരസ്യാന്വേഷണം നടത്തുന്നതിനു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: രഹസ്യാന്വേഷണം നടത്തിയതു് ആരാണു്.

ശ്രീ. ടി. കെ. നാരായണപിള്ള: ഡിസ്ട്രിക്ട് മജിസ്ട്രേട്ടാണു്.

ശ്രീ കെ. പി. നീലകണ്ഠപ്പിള്ള: ചീഫ് മിനിസ്റ്റർ അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. പരാതികൾ കിട്ടിയിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലകൃഷ്ണനിക്കർ: ഈ സംഭവത്തിനു് പോലീസുകാർ കുറ്റക്കാരാണെന്നു തോന്നുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ തോന്നിയിരുന്നെങ്കിൽ പരസ്യാന്വേഷണത്തിൻറെ ആവശ്യമുണ്ടാകുമായിരുന്നില്ല.

Sri. R. K. Ram: May I know from the Chief Minister reasons for arrest and subsequent death of Surendran?

Sri. T. K. Narayana Pillai: I claim notice.

ശ്രീ. എ. താണുപിള്ള: ഈ പരസ്യാന്വേഷണത്തിനിടയാക്കിയ രഹസ്യാന്വേഷണത്തിലെ ഫൈൻഡിംഗ്സ് എന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് കാൺഫിഡൻഷ്യൽ എൻകയറിയാണു്. അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഈ പരസ്യാന്വേഷണത്തിനു ഓർഡർ ചെയ്യുന്നതിനു് അടിസ്ഥാനമായിട്ടുള്ള വസ്തുത എന്താണെന്നാണു് ഞാൻ ചോദിക്കുന്നതു്.

Mr. Speaker: The Minister has replied that the information being of a confidential nature cannot be divulged.

ശ്രീ. എ. താണുപിള്ള: എന്തു വസ്തുതയെ അടിസ്ഥാനമാക്കിയാണു് പരസ്യാന്വേഷണത്തിനു് ഉത്തരവു കൊടുത്തതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: ആ വസ്തുതകൾ രഹസ്യാന്വേഷണത്തിനെ അടിസ്ഥാനമായിട്ടുള്ളതാണ്. അതു് വെളിപ്പെടുത്താൻ നിവൃത്തിയില്ല.

ശ്രീ. വി. ഗംഗാധരൻനായർ: പോലീസ് കസ്റ്റഡിയിൽ വച്ചു് ഒരു സി. വി. മ്യാനു മരിച്ചതായി ഗവൺമെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ ചോദ്യം ഇതിനോടു ബന്ധമുള്ളതല്ലെങ്കിലും ഉത്തരംപറയാം. മരിച്ചതായി അറിയാം. പക്ഷെ അതു് ടൈഫോയിഡായി ആശുപത്രിയിൽ കിടന്നാണു് മരിച്ചതു്.

Sri. N. Daniel Jose: May I know whether the Chief Minister conducted any enquiry on this matter?

Mr. Speaker: That does not arise.

ശ്രീ. എ. താണുപിള്ള: രഹസ്യാന്വേഷണം നടത്തിയാൽ ആരുടെയെങ്കിലും പേരിൽ പ്രോസിക്യൂഷൻ നടത്തണമെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പരസ്യാന്വേഷണം നടത്തിയതിനുശേഷമെ അതു പറയാൻ നിവൃത്തിയുള്ളു.

ശ്രീ. എ. താണുപിള്ള: പരസ്യാന്വേഷണം കൂടാതെതന്നെ ആരെങ്കിലും അറസ്റ്റ് ചെയ്യേണ്ടതാണെന്നു് ഗവൺമെൻറിനു് ബോദ്ധ്യപ്പെട്ടിട്ടില്ലേയെന്നാണു് ഞാൻ ചോദിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ബോദ്ധ്യപ്പെട്ടിട്ടില്ല.

Sri. P. Balakrishnan Tampi: May I know why several people are anxious to know about this, when Surendran's immediate maternal ancestor is indifferent about it?

Mr. Speaker: That is an argument.

Sri. D. Gnanasigamoni: May I know the officer who was appointed to conduct this enquiry?

Sri. T. K. Narayana Pillai: The First Class Magistrate.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: രഹസ്യാന്വേഷണത്തിൽനിന്നും ഒരു പരസ്യാന്വേഷണം ആവശ്യമാണെന്നു കണ്ട സ്ഥിതിക്കു് ഒരു പ്രോസക്യൂഷനു് ഓർഡർ ചെയ്യാത്തതു് എന്തുകൊണ്ടാണു്?

Mr. Speaker: The member is advancing an argument which, probably, may have a place in a discussion.

ശ്രീ. എ. താണുപിള്ള: ഈ പരസ്യാന്വേഷണത്തിനുള്ള Terms of reference എന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സുരേന്ദ്രന്റെ മരണകാര്യം തന്നെയാണു്

ശ്രീ. എ. താണുപിള്ള. അതിലുണ്ടായ എന്തു കാര്യത്തെപ്പറ്റിയാണെന്നാണു് ഞാൻ ചോദിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: Terms of reference എന്റെ കൈവശമില്ല.

ശ്രീ. എ. കെ. പാപ്പുപിള്ള: സുരേന്ദ്രൻ മരിച്ചു എന്നു മാത്രമാണോ ഗവൺമെൻറിനുള്ള അറിവു?

ശ്രീ. ടി. കെ. നാരായാണപിള്ള: ഗവൺമെൻറിനു അതിനെപ്പറ്റി പല അറിവുകളുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly